മലപ്പുറം	–	241
കോഴിക്കോട്	–	192
വയനാട്	–	111
കണ്ണൂർ	–	221
കാസർഗോഡ്	–	134
ആകെ		2410

(ബി) കൊല്ലം, പത്തനംതിട്ട ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ആരുംതന്നെ ജോലി ചെയ്യുന്നില്ല. പി.എസ്.സി. നിയമനം വഴി ജോലി ചെയ്യുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

കൊല്ലം	–	203
പത്തനംതിട്ട	–	108

(സി&ഡി) പി.എസ്.സി. മുഖേനയല്ലാതെ കണ്ണൂർ ജില്ലയിൽ 9 പേർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സംയോജിപ്പിക്കേണ്ടതിനാൽ വിവിധ ജില്ലകളിൽ നിലവിലുള്ള രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ തൽക്കാലം കഴിയുകയില്ല.

സർക്കാർ നഴ്സിംഗ് സ്കൂളുകളിലെ പ്രവേശനം

106 (882) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത നഴ്സിംഗ് സ്കൂളുകളിലുമായി ആകെ എത്ര സീറ്റുകളുണ്ട് ; വിശദവിവരം ലഭ്യമാക്കാമോ ;

(സി) എത്ര സ്വകാര്യ നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ;

(ഡി) സ്വകാര്യ നഴ്സിംഗ് സ്കൂളുകളിൽ ആകെ എത്ര സീറ്റുണ്ട് ; ഇവിടുത്തെ പ്രവേശന രീതി എപ്രകാരമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം സർക്കാർ നഴ്സിംഗ് സ്കൂളിൽ ആകെ എത്ര സീറ്റിൽ പ്രവേശനം നൽകി വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(എഫ്) തിരുവനന്തപുരം സർക്കാർ നഴ്സിംഗ് സ്കൂളിൽ നഴ്സിംഗ് പ്രവേശനത്തിനായി കൂടുതൽ സീറ്റുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12 (തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ, ശാസ്താംകോട്ട, പത്തനംതിട്ട, ആലപ്പുഴ) ശാസ്താംകോട്ടയിൽ എസ്.സി/എസ്.ടി വിഭാഗത്തിനുള്ള സ്കൂൾ കെട്ടിടത്തിന്റെ അപര്യാപ്തതമൂലം കൊല്ലം ആശ്രാമത്താണ് പ്രവർത്തിക്കുന്നത്.

(ബി) 323 സീറ്റുകൾ ഉണ്ട്. വിശദാംശം അനുബന്ധം (എ)-യിൽ ചേർത്തിരിക്കുന്നു*.

(സി) 163 സ്വകാര്യ നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ലിസ്റ്റ് അനുബന്ധം (സി) യിൽ ചേർത്തിരിക്കുന്നു.

(ഡി) ആകെ 4390 സീറ്റുകളുണ്ട്. പ്രവേശനരീതി വിവരിക്കുന്ന ഉത്തരവ് അനുബന്ധം (സി) ആയി ഉള്ളടക്കം ചേർത്തിരിക്കുന്നു*.

(ഇ) 28 സീറ്റിലേക്ക് പ്രവേശനം നൽകിവരുന്നുണ്ട്.

(എഫ്) നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ വച്ച് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ഉചിതമായിരിക്കുകയില്ല.

ഡോക്ടർമാരുടെ അഴിമതിക്കെതിരെ നടന്നുവരുന്ന ബഹുജന സമരങ്ങൾ

107 (883) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ അഴിമതിക്കെതിരെ നടന്നുവരുന്ന ബഹുജന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അഴിമതി തടയുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജി.), ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly